13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാപ്പാട് എന്ന സ്ഥലത്ത് ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററിന്റെ നിർമ്മാണം നടന്നുവരുന്നു. 20 ലക്ഷം രൂപ ചെലവ് വരുന്ന ഇതിന്റെ നിർമ്മാണവും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് നടത്തുന്നത്.

കൂടാതെ കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ 50 ലക്ഷം രൂപ ചെലവിൽ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടി കോടതി പരിസരത്ത് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ഇതിന്റെ പണി ആരംഭിച്ചിട്ടില്ല.

കൊയിലാണ്ടി സബ് ജയിലിൽ 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് മുഖേന 2013-14-ൽ 293143 രൂപ (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) ചെലവിൽ മൂന്ന് കിലോ വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് എമ്പാനൽ ചെയ്ത ടാറ്റാ പവർ സോളാർ സിസ്റ്റംസ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്.

പിൻവലിച്ച കേസുകൾ

208 (2036) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ക്രൈം കേസുകളും വിജിലൻസ് കേസുകളും പിൻവലിക്കാൻ നിരാക്ഷേപ പത്രം നൽകിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതൊക്കെ സ്വഭാവമുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ ;

(സി) പിൻവലിച്ച വിജിലൻസ് കേസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 5607 ക്രൈം കേസുകളും 12 വിജിലൻസ് കേസുകളും പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.

(ബി) രാഷ്ട്രീയ സംഘടനകൾ നടത്തിയ ഉപരോധം, പ്രകടനം എന്നിവയുമായി ബന്ധപ്പെട്ട കേസുകളും, ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട കേസുകളും അഴിമതി ആരോപണ സംബന്ധമായ വിജിലൻസ് കേസുകളും.

(സി) 4 കേസുകൾ.

1. വി.സി.03/1997/ കെ.എസ്.ഡി
2. വി.സി.06/2009 /സി.ആർ.ഇ.
3. വി.സി.07/ 2009 /സി. ആർ.ഇ.
4. വി.സി.08/2006 /കെ.എൻ.ആർ.

LIBRARY ARCHIVES Kerala Legislative Assembly